നമ്പർ: 1124/18

ജില്ലാസാമൂഹ്യനീതി ഓഫീസറുടെ
കാര്യാലയം,സിവിൽസ്റ്റേഷൻ,വയനാട്
Email: dsjowyd@gmail.com
ഫോൺ: 04936205307
തിയതി : 13-08-2018

ജില്ലാസാമൂഹ്യനീതി ഓഫീസർ,
സിവിൽ സ്റ്റേഷൻ, വയനാട്

സിഡിപിഒ,
മാനന്തവാടി.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - ജില്ല സാമൂഹ്യനീതി ഓഫീസ് വയനാട് - വിവരാവകാശ നിയമ പ്രകാരം അപേക്ഷകന് മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന : ശ്രീ രവി ഉള്ളിയേരിയുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ കത്ത്.

===============

താങ്കളുടെ ഓഫീസിൽ നിന്നും ഐസിഡിഎസ് ന്റെ സ്ഥലം സംബന്ധിച്ച് 9.8.2014 ലെ TSLC6/14 വിധി പകർപ്പ് ലഭിക്കുന്നത് സൂചന1 പ്രകാരം അപേക്ഷിച്ച ശ്രീ രവി ഉള്ളിയേരിക്ക് ആയത് ലഭിച്ചിട്ടില്ല എന്നും ആയത് ലഭ്യമാക്കണമെന്നും കാണിച്ച് അപ്പീൽ നൽകിയിട്ടുണ്ട്. കൂടാതെ താങ്കളുടെ ഓഫീസിൽ നിന്നും ഇതിന് മറുപടി നൽകേണ്ട ഉദ്യോഗസ്ഥരുടെ പേരും നിലവിലുള്ള ഔദ്യോഗിക വിലാസവും ടിയാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ താങ്കൾ അപേക്ഷകനു മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിനു പകർപ്പ് ഈ ഓഫീസിൽ മടക്ക തപാലിൽ സമർപ്പിക്കേണ്ടതാണ്. മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണവും മറുപടിയും അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ജില്ലാസാമൂഹ്യനീതി ഓഫീസർ, വയനാട്